**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2149** **12-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്ക് കലാപരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ; | (എ) | 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ഒന്നാമത്തെ പ്രൊവിസോ പ്രകാരം ശാസ്ത്ര, കലാ - സാംസ്കാരിക, സാമൂഹിക, സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തവിധത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ, തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. മാത്രമല്ല ഇത്തരം പ്രവൃത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനോ, പ്രസ്തുത പ്രവൃത്തികൾ പ്രതിഫലേച്ഛയോടെയോ, വാണിജ്യാടിസ്ഥാനത്തിലോ നിർവ്വഹിക്കുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. ദൃശ്യ മാധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, അച്ചടി മാധ്യമങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60, 62, 63 എന്നിവയിലെ വ്യവസ്ഥകൾ ബാധകമാണ്.<br><br>പ്രസ്തുത അനുമതിക്കായി വകുപ്പ് മേധാവികൾ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പരിശോധിച്ച് തീർപ്പാക്കുകയാണ് ചെയ്യുന്നത്. |
| (ബി) | ഇത്തരത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ഒന്നാമത്തെ പ്രൊവിസോ പ്രകാരം ശാസ്ത്ര, കലാ - സാംസ്കാരിക, സാമൂഹിക, സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ |

| | | | |
|---|---|---|---|
| | | | നിർവ്വഹണത്തിന് തടസ്സം വരാത്തവിധത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ, തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. മാത്രമല്ല ഇത്തരം പ്രവൃത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനോ, പ്രസ്തുത പ്രവൃത്തികൾ പ്രതിഫലേച്ഛയോടെയോ, വാണിജ്യാടിസ്ഥാനത്തിലോ നിർവ്വഹിക്കുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. ദൃശ്യ മാധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, അച്ചടി മാധ്യമങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60, 62, 63 എന്നിവയിലെ വ്യവസ്ഥകൾ ബാധകമാണ്.<br><br>പ്രസ്തുത അനുമതിക്കായി വകുപ്പ് മേധാവികൾ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പരിശോധിച്ച് തീർപ്പാക്കുകയാണ് ചെയ്യുന്നത്. |
| (സി) | പ്രസ്തുത അനുമതിക്കായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നുണ്ടോ;എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ഒന്നാമത്തെ പ്രൊവിസോ പ്രകാരം ശാസ്ത്ര, കലാ - സാംസ്കാരിക, സാമൂഹിക, സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തവിധത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ, തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. മാത്രമല്ല ഇത്തരം പ്രവൃത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനോ, പ്രസ്തുത പ്രവൃത്തികൾ പ്രതിഫലേച്ഛയോടെയോ, വാണിജ്യാടിസ്ഥാനത്തിലോ നിർവ്വഹിക്കുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. ദൃശ്യ മാധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, അച്ചടി മാധ്യമങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60, 62, 63 എന്നിവയിലെ വ്യവസ്ഥകൾ ബാധകമാണ്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത അനുമതിക്കായി വകുപ്പ് മേധാവികൾ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പരിശോധിച്ച് തീർപ്പാക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ